(സി) അനുമതി കൊടുത്ത എല്ലാ സ്ഥലങ്ങളിലും നിർമ്മാണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടോ?

റവന്യൂവും, മൽസ്യബന്ധനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഒരിടത്തും പണികഴിപ്പിച്ചിട്ടില്ല.

(ബി) അനുമതി കൊടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഓട്ടോറിക്ഷകൾക്ക് ഗ്രാമപ്രദേശങ്ങളിൽ പെർമിറ്റ്

906 [1666] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നഗരങ്ങളിൽ മാത്രം ഓട്ടോ റിക്ഷകൾ ഓടിക്കുവാൻ പെർമിറ്റ് നൽകിവരുന്നതുകൊണ്ട്, ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ട് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) താരതമ്യേന വാടക കുറവായ ഓട്ടോറിക്ഷയുടെ പ്രയോജനം നാട്ടിൻപുറത്തുകാർക്കുകൂടി കിട്ടത്തക്കവണ്ണം ഓട്ടോറിക്ഷകൾ നാട്ടിൻപുറങ്ങളിൽ ഓടിക്കുവാൻ വേണ്ട പെർമിറ്റ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമങ്ങളിലും ഓട്ടോറിക്ഷകൾ ഓടിക്കുവാൻ പെർമിറ്റ് നൽകുന്നതാണ്.

(ബി) അപേക്ഷകർ ഉണ്ടെങ്കിൽ നാട്ടിൻപുറങ്ങളിലും ഓട്ടോറിക്ഷ ഓടിക്കുവാൻ പെർമിറ്റുകൾ നൽകുന്നതാണ്.

ടാക്സി കാറിനും ഓട്ടോറിക്ഷയ്ക്കും യാത്രക്കാർ കൊടുക്കുന്ന വാടകയ്ക്ക് രസീത് നൽകാൻ നടപടി

907 [1667] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില പ്രദേശങ്ങളിലെ ഓട്ടോറിക്ഷാ, ടാക്സികാർ എന്നിവയെ മീറ്റർ ഘടിപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മീറ്റർ ഘടിപ്പിക്കാത്തതുകൊണ്ട് അന്യായമായി വാടക ഈടാക്കിവരുന്നതു കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ ടാക്സികാർ, ഓട്ടോറിക്ഷ ഇവയ്ക്ക് മീറ്റർ നിർബന്ധിതമായും ഘടിപ്പിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ;

(സി) ടാക്സികാറിലും ഓട്ടോറിക്ഷയിലും യാത്രക്കാർ നൽകുന്ന വാടകയ്ക്ക് രസീതു നൽകുന്ന സമ്പ്രദായം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും 1976-ലെ ഇടക്കാല കാനേഷുമാരി കണക്കനുസരിച്ച് ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള കൊല്ലം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലാ ആസ്ഥാനങ്ങളിലുള്ള മുനിസിപ്പാലിറ്റി അതിർത്തികൾക്കുള്ളിലും മാത്രം ഓട്ടോറിക്ഷകൾക്കും ടാക്സികാറുകൾക്കും മീറ്റർ ഘടിപ്പിച്ചാൽ മതിയാകും എന്നാണ് ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്.

(ബി) മേൽപ്പറഞ്ഞ തീരുമാനമനുസരിച്ച് ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല.

(സി) ഈ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വൈക്കം–കോഴിക്കോട് റൂട്ടിൽ ഫാസ്റ്റ് പാസഞ്ചർ സർവീസ്

908 [1668] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം–കോഴിക്കോട് റൂട്ടിൽ കെ. എസ്. ആർ. ടി. സി. ഫാസ്റ്റ് പാസഞ്ചർ സർവീസ് നടത്തുകയാണെങ്കിൽ ഡിപ്പാർട്ടുമെൻറിനു ലാഭവും, യാത്രക്കാർക്ക് കൂടുതൽ സൗകര്യവും ആയിരിക്കുമെന്നുള്ള പാസഞ്ചേഴ്സിൻെറ മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ;

(സി) ഈ റൂട്ടിൽ ഉടനെ ഒരു ഫാസ്റ്റ് പാസഞ്ചർ സർവീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ബസുകളുടെ കുറവു കാരണം തൽക്കാലം പുതിയ സർവീസ് ആരംഭിക്കുവാൻ കോർപ്പറേഷന് നിർവാഹമില്ല.

റെയിൽവേ ലെവൽ ക്രോസുകൾ

909 [1670] ശ്രീമതി എം. കമലം:

,, കെ. ആർ. സരസ്വതി അമ്മ:

ശ്രീ. കെ. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള റെയിൽവേലൈനിൽ പൊതുജന സുരക്ഷിതത്വത്തിനുവേണ്ടി ആവശ്യമായ സ്ഥാനങ്ങളിൽ ലെവൽക്രോസുകൾ ഉണ്ടാക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന ഗവൺമെൻറിനുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാം റെയിൽവേ ലെവൽക്രോസുകൾ ഗവൺമെൻറ് ചെലവിൽ ഉണ്ടാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly